LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിൽ അർഹരായവർക്ക് പട്ടയം നൽകാൻ നടപടി.

100 [2166] ശ്രീ. സി. പി. മുഹമ്മദ്:
" പി. ടി. തോമസ്:
" വി. ഡി. സതീശൻ:
" കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ അർഹരായവർക്കെല്ലാം പട്ടയം നൽകി കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ എടുത്തു?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

രണ്ട് നൂറ്റാണ്ട് പിന്നിട്ട തലശ്ശേരി കോടതി

101 [2168] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും പുരാതനമായ കോടതികൾ സ്ഥിതി ചെയ്യുന്നത് എവിടെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തലശ്ശേരി കോടതി 200 വർഷം പഴക്കം ചെന്നതാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 200-ാം വർഷം ആഘോഷിക്കുന്ന തലശ്ശേരി കോടതിക്ക്, സ്മാരകമായി പുതിയ കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.